# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4942 : 21/10/2011 -ൽ മറുപടിക്ക്**

**ചെറുകിട വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷൻ**

**ചോദ്യം** **ഉത്തരം**

ശ്രീ. എ. എ. അസീസ് :

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

(വ്യവസായവും വിവരസാങ്കേതികവും

നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിലേക്കായി താഴെ പറയുന്ന സഹായങ്ങൾ നൽകി വരുന്നു:<br>1. ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ട മാർജിൻ മണി വായ്പ ലഭ്യമാക്കുന്നു.<br>2. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പി നായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.<br>3. സംസ്ഥാന നിക്ഷേപ സബ്സിഡി<br>4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ് പരിശീലനം എന്നിവ നൽകുന്നു.<br>5. ഗ്രീൻ ചാനൽ കൗണ്ടർ /ഏകജാലക സംവിധാനങ്ങളിലൂടെ ക്ലിയറൻസുകളും ലൈസൻസു കളും വേഗമാക്കൽ.<br>6. സെമിനാറുകളും പരിശീലനവും ചെറുകിട വ്യവസായ സംരംഭകർക്ക് നൽകുന്നു.<br>7. പ്രദർശന വിപണന മേളകളിലൂടെ ചെറുകിട വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.<br>8. സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് വ്യവസായ വകുപ്പ് മുഖേന നൽകി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്.<br>9. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റുവരവ് സംബന്ധിച്ച് തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ, സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.<br>11. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.<br>12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.<br>14. സാങ്കേതിക വിദ്യാ വികസന നിധി.<br>15. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലാബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജന പ്പെടുത്തുന്നു.<br>17. വ്യവസായം തുടങ്ങുന്നതിനാ വശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.<br>18. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.എം.ഇ. അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>19. കേരളത്തിലെ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേക്കായി ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്ന സംവിധാനം എംഎസ്എംഇഡി നിയമം (MSMED Act) 2006-ന് വന്ന ശേഷം നിലവിൽ ഇല്ല. എന്നാൽ 2011 ജൂൺ മുതൽ 2011 സെപ്റ്റംബർ വരെയുള്ള കാലയളവിൽ എംഎസ്എംഇഡി ആക്ട് 2006 പ്രകാരം പാർട്ട് I, പാർട്ട് II മെമ്മോറാണ്ടം ഫയൽ ചെയ്ത സൂക്ഷ്മ ചെറുകിട യൂണിറ്റുകളുടെ വിശദാംശങ്ങൾ (എണ്ണം) ചുവടെ കൊടുക്കുന്നു. |

| ജില്ല | പാർട്ട് I | പാർട്ട് II |
|---|---|---|
| തിരുവനന്തപുരം | 916 | 133 |
| കൊല്ലം | 881 | 175 |
| പത്തനംതിട്ട | 482 | 278 |
| ആലപ്പുഴ | 177 | 160 |
| കോട്ടയം | 753 | 196 |
| ഇടുക്കി | 239 | 86 |
| എറണാകുളം | 1261 | 605 |
| തൃശ്ശൂർ | 1323 | 465 |
| പാലക്കാട് | 748 | 185 |
| മലപ്പുറം | 523 | 246 |
| കോഴിക്കോട് | 662 | 230 |
| വയനാട് | 139 | 126 |
| കണ്ണൂർ | 420 | 222 |
| കാസർഗോഡ് | 221 | 137 |

സെക്ഷൻ ഓഫീസർ